LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2013 ഏപ്രിൽ 1 മുതൽ പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുത്തുകൊണ്ടുള്ള നടപടി നിശ്ചിത കാലയളവിലേയ്ക്ക് മാത്രം മതിയാകില്ലേ; പരിശോധിച്ച് മറുപടി നൽകാമോ?

2013 ഏപ്രിൽ ഒന്ന് മുതൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത ജീവനക്കാർക്ക് വിരമിക്കുന്നത് മുതൽ പെൻഷൻ ഇനത്തിലുള്ള കെ.എസ്.ആർ.ടി. സി.-യുടെ ബാദ്ധ്യത ഒഴിവാക്കാൻ കഴിയും. പക്ഷേ നിലവിൽ പെൻഷൻ വാങ്ങുന്ന ജീവനക്കാരുടേയും 2013 ഏപ്രിൽ ഒന്നിന് മുമ്പ് ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടേയും പെൻഷൻ ഇനത്തിലെ ബാദ്ധ്യതയ്ക്ക് ഒരു നിശ്ചിത കാലയളവ് നിജപ്പെടുത്താൻ നിലവിലെ സ്ഥിതിയിൽ കഴിയില്ല.

കെ.എസ്.ആർ.ടി.സി.-യിലെ ഓഡിറ്റ്

243(1228) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യിൽ വരവ്-ചെലവ് സംബന്ധിച്ച ഓഡിറ്റ് നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

&

(ബി) ഇല്ലെങ്കിൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2014-15 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2015-16 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് നടന്നിട്ടുണ്ട്. 2015-16-ലെ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിന് മുന്നോടിയായി ഓഡിറ്റ് സർട്ടിഫിക്കേഷനുവേണ്ടി അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ ആശ്രിത നിയമനം

244(1229) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.- യിലെ ആശ്രിത നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര അപേക്ഷകളാണ് ഇനി തീർപ്പാക്കാനുള്ളതെന്ന് അറിയിക്കാമോ;

&